compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 16
**Tuesday, 16th December 2025**

1201 ധനു 1
**1st Dhanu 1201**

1947 അഗ്രഹായനം 25
**25th Agrahayana 1947**

വാല്യം 14
**Vol. XIV**

നമ്പർ / **No.** **50**

## Part III

## Industries and Commerce

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ : നജീബ്, പി. എ.)

നമ്പർ DICEKM/65/2019-B4. 2025 ജൂൺ 5.

വിഷയം:— വ്യവസായം—ട്രാവൻകൂർ സോയിൽസ് ആന്റ് ഫൈബർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് എസ്. ഇൻഡ് (ഇ) 274—കേരള സഹകരണ നിയമം 1969 വകുപ്പ് 72 ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:— ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ജനറൽ) എറണാകുളം സർക്കിളിന്റെ 10-1-2023-ലെ JCI/(Gen)/683/2021 നമ്പർ അന്വേഷണ റിപ്പോർട്ട്.

എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിനുകീഴിൽ വരുന്ന ട്രാവൻകൂർ സോയിൽസ് ആന്റ് ഫൈബർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് എസ്. ഇൻഡ് 274 സംഘം 23-1-2019-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയതാണ്. 2021 മുതൽ സംഘത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന് മുന്നോടിയായി സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെ സംബന്ധിച്ച് കേരള സഹകരണ നിയമം 1969 വകുപ്പ് 66 ഇൻസ്പെക്ഷൻ നടത്തി ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ജനറൽ) എറണാകുളം സർക്കിൾ പരാമർശം പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിനായി താഴെ പറയും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ കേരള സഹകരണ നിയമം 1969 വകുപ്പ് 71 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ട്രാവൻകൂർ സോയിൽസ് ആന്റ് ഫൈബർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് എസ്. ഇൻഡ് 274 എന്ന സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനുവേണ്ടി വകുപ്പ് 72 പ്രകാരം ലിക്വിഡേറ്റർ ആയി ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ജനറൽ)-മൂവാറ്റുപുഴ സർക്കിൾ-നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിക്വിഡേറ്റർ ടി സംഘത്തിന്റെ മുഴുവൻ റെക്കോർഡുകളും രേഖകളും എത്രയും വേഗം ഏറ്റെടുക്കേണ്ടതാണ്. സംഘത്തിന് ലഭിക്കാനുള്ളവ ഏറ്റെടുത്തു കൊണ്ടും സംഘം കൊടുത്തു തീർക്കാനുള്ളത് കൊടുത്തു തീർത്തും ലിക്വിഡേഷൻ നടപടികൾ 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

ജില്ലാ വ്യവസായ കേന്ദ്രം
ജനറൽ മാനേജരുടെ കാര്യാലയം,
എറണാകുളം.

(ഒപ്പ്)
ജനറൽ മാനേജർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

നമ്പർ JCI (Gen.) /Liquidation/1/2025. 2025 നവംബർ 3.

എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ഡി.ഐ.സി.ഇ.കെ.എം./65/2019–B4 നമ്പർ ഉത്തരവുപ്രകാരം കണയന്നൂർ താലൂക്കിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ സോയിൽസ് & ഫൈബർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ S-IND (E) 274 എന്ന സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിന് ഉത്തരവാകുകയും മൂവാറ്റുപുഴ താലൂക്ക് വ്യവസായ ഓഫീസിലെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ജനറൽ)–നെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ ടി സംഘത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും ലഭിക്കാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടയ്ക്കുവാനുള്ള തുക നേരിൽ വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളേയും സംഘം അംഗങ്ങളേയും അറിയിക്കുന്നു.

നിശ്ചിത സമയപരിധിയ്ക്കുശേഷം ലഭിക്കുന്ന യാതൊരുവിധ ബാധ്യതകളും പരിഗണിക്കുന്നതല്ലെന്ന് ഇതിനാൽ ഏവരേയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
ട്രാവൻകൂർ സോയിൽസ് & ഫൈബർ വ്യവസായ
സഹകരണ സംഘം ക്ലിപ്തം നമ്പർ S-IND (E) 274
ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ജനറൽ)
താലൂക്ക് വ്യവസായ ഓഫീസ്, മൂവാറ്റുപുഴ.

ജില്ലാ വ്യവസായ കേന്ദ്രം,
കാക്കനാട്, എറണാകുളം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.16 03:37:35 +05:30